സ്റ്റൈപന്റ് നൽകി വരുന്നു. പട്ടികവർഗ്ഗക്കാരെ സ്വയം തൊഴിലിന് പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകുന്നതിന് വയനാട്ടിലെ അരുത എന്ന സന്നദ്ധ സംഘടനയ്ക്ക് നടപ്പു വർഷം 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി സ്വയംതൊഴിലിന് പ്രാപ്തരാക്കുന്നതിന് ഇൻഫർമേഷൻ ടെക്നോളജി സ്കീമിൽ നടപ്പുവർഷം 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർക്ക് അഭിരുചിയുള്ള എന്തു തൊഴിൽ ചെയ്യുന്നതിനും അവരെ സ്വയം തൊഴിലിന് പ്രാപ്തരാക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി നടപ്പുവർഷം പ്രത്യേക കേന്ദ്ര സഹായനിധിയിൽ 54.450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്ക് കുടുംബശ്രീ പദ്ധതിപ്രകാരം ചെറുകിട സംരംഭങ്ങളിൽ വിവിധ തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനവും ധനസഹായവും നൽകുന്നുണ്ട്. ഇതനുസരിച്ച് പ്രാരംഭഘട്ടമായി വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട് കുടുംബശ്രീ പട്ടികവർഗ്ഗക്കാരുടെ അയൽക്കൂട്ടങ്ങളിലൂടെ പട്ടികവർഗ്ഗ വനിതകളുടെ ചെറുകിട സംരംഭങ്ങളായ കെട്ടിട നിർമ്മാണ യൂണിറ്റുകൾ, ലോട്ടറി, ഹാന്റിക്രാഫ്റ്റ്, കോഫിപൗഡർ, സോപ്പു നിർമ്മാണം ഡയറക്ട് മാർക്കറ്റിംഗ് എന്നിവ ആരംഭിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികവർഗ്ഗക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർ ഉൽപ്പാദിപ്പിക്കുന്ന വനവിഭവങ്ങൾ സഹകരണസംഘങ്ങൾ/ഗ്രാമ വികസന വകുപ്പ് നടത്തുന്ന വിപണനമേളകളിൽക്കൂടി വിപണനം നടത്തി വരുന്നുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ കൂടിയിരുത്തി സഹായിയാതെ വരുമാനം ഉണ്ടാക്കേണ്ട വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗക്കാരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്കും ഇതിൽ മുൻതൂക്കം നൽകുന്നുണ്ട്.

ഗിരിവർഗ്ഗങ്ങളുടെ ഭക്ഷണക്രമം

*8 [953] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ഡി. സുഗതൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗിരിവർഗ്ഗ സെറ്റിൽമെന്റുകളിൽ നിവസിക്കുന്ന ഗിരിവർഗ്ഗങ്ങളുടെ ഭക്ഷണക്രമം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലോ കൂലിയോ ഇല്ലാത്ത ഇവർക്ക് ഏത് രീതിയിലാണ് പോഷകാഹാരം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടിണിമൂലം ആരോഗ്യം നശിച്ച ഇവർക്ക് ഭക്ഷണസാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിപ്രകാരം അവർക്ക് ഭക്ഷണം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) സംസ്ഥാനത്തെ വിവിധ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഭക്ഷണക്രമം വിഭിന്നമാണ്. എല്ലാ സെറ്റിൽമെന്റ് നിവാസികളും കൃത്യമായ ഒരു ഭക്ഷണക്രമം പുലർത്തുന്നതായി അറിവില്ല. എന്നാൽ അരി, റാഗി, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയാണ് അവരുടെ പ്രധാന ആഹാര സാധനങ്ങൾ.

(ബി) ആദിവാസികളിൽ സീസണൽ ആയി തൊഴിലില്ലായ്മ ഉണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ അവർക്ക് തൊഴിലും കൂലിക്ക് ഭക്ഷണവും പദ്ധതികൾ നടപ്പിലാക്കി വരുന്നു. അങ്ങനെ ലഭിക്കുന്ന ഫലവർഗ്ഗങ്ങൾ, തേൻ, വിവിധതരം കിഴങ്ങുകൾ എന്നിവയിൽ നിന്നുമാണ് പോഷകാഹാരം ലഭിക്കുന്നത്.

(സി, ഡി) ആദിവാസികൾ പട്ടിണി കിടക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സർക്കാർ എടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി (1) ഫുഡ്സപ്പോർട്ട് (2) മാതൃഭാരക് പദ്ധതി, (3) സൗജന്യ റേഷൻ, ഫുഡ് ഫോർ വർക്ക് എന്നിവ നടപ്പിലാക്കി വരുന്നു.

(ഇ) ഊരുകൂട്ടങ്ങളുടെ സഹായത്തോടുകൂടിയാണ് പട്ടികവർഗ്ഗ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഊരുകൂട്ടത്തിന്റെ മേൽനോട്ടമുള്ളതുമൂലം അർഹിക്കുന്നവർക്കുതന്നെ ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയും.

ഗിരിജൻ സെറ്റിൽമെന്റുകളിൽ ഭക്ഷണവും ചികിത്സയും ഉറപ്പാക്കാൻ നടപടി

*9 [954] ശ്രീ. എ. കെ. മണി:
,, എ. പി. അനിൽകുമാർ:
,, കെ. സി. വേണുഗോപാൽ:
,, വി. ബാലറാം:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾക്കാട്ടിലുള്ള ഗിരിജൻ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്നവർക്ക് ചികിത്സയും ഭക്ഷണവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly